# രാമായണപ്രഭാഷണങ്ങൾ
# (Points)

**ആമുഖം**

1. പ്രചാരത്തിന്റെ ഘട്ടങ്ങൾ
2. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം.
3. ആദികവിയുടെ കാരുണ്യം
4. ഹൃദയബന്ധങ്ങൾ
5. കുടുംബബന്ധവും പൗരസങ്കല്പവും
6. കാമമോഹിതർ
7. രാമന്റെ വഴി
8. രുദിതാനുസാരിയായ കവി
9. വാല്മീകി എന്ന മനുഷ്യകഥാനുഗായി

## ആമുഖം

രാമായണമാണ് ആദികാവ്യം; ആദികവി വാല്മീകിയും. നൂറ്റാണ്ടുകളായി രാമകഥ ലോകം മുഴുവൻ പ്രചരിക്കുന്നു, പല രൂപത്തിൽ, പലഭാവത്തിൽ. വാല്മീകി തന്നെ തികഞ്ഞ ആത്മവിശ്വാസത്തോടെ പ്രഖ്യാപിച്ചിരുന്നു, ലോകമുള്ളിടത്തോളംകാലം രാമകഥ പ്രചരിക്കുമെന്ന്.

> യാവത് സ്ഥാസ്യന്തി ഗിരയഃ
> സരിതശ്ച മഹീതലേ
> താവത് രാമായണകഥാ
> ലോകേഷു പ്രചരിഷ്യതി

പർവ്വതങ്ങൾ നിലനിൽക്കുന്നിടത്തോളംകാലം, നദികൾ ഒഴുകുന്നിടത്തോളം രാമകഥ ലോകത്ത് പ്രചരിക്കും. വാല്മീകിയുടെ പ്രവചനം സത്യമാണെന്ന് രാമായണകഥയുടെ പ്രചാരം തെളിയിക്കുന്നു. വാല്മീകി രാമായണത്തിന്റെ ധനാത്മക (positive) ഭാവങ്ങൾ മാത്രമാണ് ഇവിടെ നൽകുന്ന സൂചനകളിലുള്ളത്; ഋണാത്മക (negative) പഠനം പിന്നീടാക്കാം.

## I. പ്രചാരത്തിന്റെ ഘട്ടങ്ങൾ

രാമായണത്തിന്റെ പ്രചാരത്തിന് പ്രധാനമായും മൂന്നുഘട്ടങ്ങൾ ഉണ്ട്. രണ്ടായിരത്തിഅഞ്ഞൂറ് വർഷമെങ്കിലും പഴക്കമുണ്ടാകും വാല്മീകിരാമായണത്തിന്. ലവകുശൻമാർ അയോദ്ധ്യയിൽ പാടുന്നതുകേട്ടാണ് ജനങ്ങൾ ആദ്യം ഈ കഥ മനസ്സിലാക്കിയത്. പിന്നീട് ജനപദഗാഥകളായി, കഥകളായി, ചിത്രങ്ങളായി, ദൃശ്യങ്ങളായി രാമകഥ ജനങ്ങളിലേയ്ക്കെത്തി. ഇന്ത്യയിൽ മാത്രമല്ല, മലേഷ്യ, കംബോഡിയ, തായ്‌ലൻഡ് തുടങ്ങിയ ദക്ഷിണ ഏഷ്യൻ രാജ്യങ്ങളിലും രാമായണകഥ പ്രചരിച്ചു. ഓരോ സ്ഥലത്തും പാടിയവരുടെ ഭാവനയ്ക്കനുസരിച്ച് കഥയ്ക്ക് പലതരം ഭേദങ്ങളുമുണ്ടായി. ജൈനന്മാരും ബൗദ്ധന്മാരും അവരുടെ രചനകളിൽ രാമകഥയെ ഉൾപ്പെടുത്തി. രാമായണത്തിന്റെ പ്രചാരത്തിന്റെ ആദ്യഘട്ടം ഇതായിരുന്നു.

മദ്ധ്യകാലത്തോടെയാണ് രണ്ടാംഘട്ടം ആരംഭിക്കുന്നത്. ഒൻപത്, പത്ത് നൂറ്റാണ്ടുകളോടെ ഭക്തിപ്രസ്ഥാനം ഇന്ത്യയിൽ പ്രചരിച്ചു. മതപണ്ഡിതന്മാരും പ്രചാരകന്മാരും ഭക്തന്മാരും ഇന്ത്യയിൽ പത്താം ശതകം മുതൽ വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. ഭക്തിയുടെ യാത്ര അധികവും തെക്കു നിന്നു വടക്കോട്ടായിരുന്നു. 'അവതാരങ്ങൾ വടക്കരുടെയാണെങ്കിലും ആചാര്യന്മാർ തെക്കരുടെയാണെ'ന്നു ഡോ. രാജേന്ദ്രപ്രസാദ് പറയാറുണ്ടായിരുന്നു. ഏതായാലും ഭക്തന്മാരുടെ ഒരു നീണ്ട പട്ടിക പത്താം ശതകത്തിന്നുശേഷം ഇന്ത്യയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിനിടയിൽ രാഷ്ട്രീയവും സാമൂഹികവുമായ എന്തെല്ലാം കാരണങ്ങൾ ഉണ്ടെന്നു വ്യക്തമായി പറയാൻ വയ്യ. മദ്ധ്യകാലത്തെ ഇന്ത്യയിൽ സന്ന്യാസിമാരുടെയും ഭക്തന്മാരുടെയും എണ്ണം വളരെയധികമായിരുന്നുവെന്ന

തിനു സംശയമില്ല. ഗോരഖ് നാഥ് (10-ാം ശതകം), രാമാനുജൻ (1017-1120), നിംബാർക്കൻ (12-ാം ശതകം), മധ്വൻ (13-ാം ശതകം), രാമാനന്ദൻ (14-ാം ശതകം), ജ്ഞാനേശ്വരൻ (12-ാം ശതകം), നാമദേവൻ (13-ാം ശതകം), നാനാക്ക് (15-ാം ശതകം), ദാദൂ (16-ാം ശതകം), ലാൽദാസ് (18-ാം ശതകം), ദാദാലാൽ (17-ാം ശതകം), ഹരിഭാനു (17-ാം ശതകം), ധരണീദാസ് (17-ാം ശതകം), പ്രാൺനാഥ് (16-ാം ശതകം), വിദ്യാപതി (14-ാം ശതകം), തുളസീദാസ് (16-ാം ശതകം) ഇങ്ങനെ പോകുന്നു ആ പട്ടിക.

ഈ പശ്ചാത്തലത്തിലാണ് വാല്മീകിരാമായണത്തിന് സംസ്കൃതത്തിൽ അദ്ധ്യാത്മരാമായണം എന്ന പുതിയ ഒരു ഗ്രന്ഥം ഉണ്ടാകുന്നത്. 14-ാം ശതകത്തിൽ ആണ് ഇതിന്റെ രചന. കവിയുടെ സ്ഥലനാമാദികളെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. അദ്വൈതവേദാന്തമാണ് അതിന്റെ തത്ത്വശാസ്ത്രം. രാമാരാധനയ്ക്ക് അദ്വൈതവേദാന്തപരമായ ഒരു അടിക്കല്ലുണ്ടാക്കുകയാണ് അദ്ധ്യാത്മരാമായണം ചെയ്യുന്നത്. രാമനെ പരമാത്മാവായും സീതയെ മായാശക്തിയായും ഇതിൽ കല്പിച്ചിരിക്കുന്നു. മദ്ധ്യകാലത്തുണ്ടായ രാമായണകഥകൾ അദ്ധ്യാത്മരാമായണത്തെ ആണ് പിന്തുടരുന്നത്. സൂർദാസ്, തുളസീദാസ് പോലുള്ളവരുടെ രാമായണങ്ങൾ വളരെ പ്രസിദ്ധമാണ്.

സമൂഹത്തിലെ താഴെക്കിടയിലുള്ളവരിലാണ് ഭക്തികഥകൾ അധികവും പ്രചരിച്ചത്. ഭക്തി അവരെ സംബന്ധിച്ചിടത്തോളം വിമോചനത്തിനുള്ള മാർഗ്ഗമായിരുന്നു. രാമകഥകൾ പാടാനും പ്രചരിപ്പിക്കാനും അർഹത ലഭിക്കുക എന്നതുതന്നെ സമൂഹത്തിലെ അവരുടെ സ്ഥാനം ഉയർത്തുന്നതിന് പര്യാപ്തമായിരുന്നു. രാമഭക്തി പ്രസ്ഥാനത്തിന്റെ പ്രധാന പ്രചാരകനായിരുന്നു രാമാനന്ദൻ. പ്രയാഗയിൽ 14 -ാം നൂറ്റാണ്ടിൽ ജനിച്ച ഇദ്ദേഹത്തിന്റെ ശിഷ്യൻമാരിൽ പ്രമുഖനായിരുന്നു രാമചരിതമാനസത്തിന്റെ കർത്താവായ തുളസീദാസൻ. രാമനന്ദന് 12 ശിഷ്യൻന്മാരുണ്ടായിരുന്നു. രാമാനന്ദൻ പൗരോഹിത്യത്തെ എതിർത്തു. ഹൃദയശുദ്ധിയെയും ഭക്തിയെയും അദ്ദേഹം പ്രധാനമാക്കി. പണ്ഡിതഭാഷയായ സംസ്കൃതത്തിന്പകരം പ്രാദേശിക ഭാഷകളെ ഭക്തിയുടെ പ്രചാരത്തിന് അദ്ദേഹം ഉപയോഗിച്ചു. രാമാനന്ദന്റെ ശിഷ്യൻമാർ അധികവും താഴ്ന്നജാതിക്കാരായിരുന്നു. ക്ഷുരകനും നെയ്ത്തുകാരുമൊക്കെ അവരിൽപെട്ടിരുന്നു. സ്ത്രീകളുമുണ്ടായിരുന്നു അവരുടെ കൂട്ടത്തിൽ. ഭക്തി ഇവർക്കെല്ലാം വിമോചനത്തിന്റെ ആയുധമായിരുന്നു. രാമായണത്തിന് ഇക്കാലത്തുണ്ടായ പ്രചാരത്തിന്റെ മുഖ്യകാരണം രാമഭക്തി ആയിരുന്നു.

രാമകഥയുടെ പ്രചാരത്തിന്റെ മൂന്നാംഘട്ടമായി പറയാവുന്നത് ആധുനികകാലമാണ്. പരിഭാഷകളും പുനരാഖ്യാനങ്ങളുമായിരുന്നു രണ്ടാംഘട്ടത്തിലെ പ്രചാരത്തിന് കാരണമെങ്കിൽ പഠനങ്ങളും നിരൂപണങ്ങളും താരതമ്യങ്ങളുമാണ് ആധുനികകാലത്ത് പ്രചാരത്തിന് കാരണമായത്. മറാത്തിയിൽ മാമാവരേർക്കർ രചിച്ച ഭൂമികന്യാസീത ഇക്കൂട്ടത്തിൽ പ്രധാന്യമർഹിക്കുന്നു. സ്ത്രീപക്ഷത്തുനിന്നും ദളിതപക്ഷത്തുനിന്നുമുള്ള രാമായണ വായനകളാണ് ഈ കാലത്തിന്റെ സവിശേഷത. മലയാളത്തിൽ ആശാന്റെ ചിന്താവിഷ്ടയായ സീത, സി.എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയം എന്നിവ ഈ കൂട്ട

ത്തിൽ പെടുന്നു. ഈ കാലഘട്ടത്തിൽ ഏറ്റവുമധികം പഠനത്തിനും വിശകലനത്തിനും വിധേയമായ കൃതികളിൽ ഒന്നാണ് രാമായണം.

വാല്മീകി മുൻകൂട്ടി കണ്ടതുപോലെ കാലത്തെയും ദേശത്തേയും അതിക്രമിച്ച് രാമായണകഥ പ്രചരിച്ചുകൊണ്ടിരിക്കുന്നു; ഭാവിയിലും ഇത് തുടരുകയും ചെയ്യും.

## II. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം

ഉത്തരേന്ത്യയിൽ എന്നപോലെ ദക്ഷിണേന്ത്യയിലും രാമകഥ ഭക്തിമാർഗ്ഗമായിത്തീർന്നിട്ടുണ്ട്. മദ്ധ്യകാലത്തിൽ തമിഴിലെ കമ്പരാമായണമാണ് (12-ാം നൂറ്റാണ്ട്) ഇക്കൂട്ടത്തിൽ ആദ്യത്തേത്. രാമചരിതവും കണ്ണശ്ശരാമായണവുമാണ് മലയാളത്തിലെ ആദ്യകാലരാമായണങ്ങൾ. എന്നാൽ മലയാളിയുടെ മനംകവർന്നത് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമാണ് (16-ാം ശതകം).

രാമഭക്തിപ്രസ്ഥാനം തുഞ്ചത്തെഴുത്തച്ഛനെ ആകർഷിച്ചത് എന്തുകൊണ്ടെന്ന് ഡോ. കെ. എൻ. എഴുത്തച്ഛൻ അന്വേഷിക്കുന്നു: “സ്ത്രീക്കും ശൂദ്രനും എന്നുവേണ്ട എല്ലാ ജനവർഗ്ഗത്തിനും മാനസികോൽക്കർഷവും അഭിജാതചിന്തകളും ആവശ്യമായിരുന്നു. ഭക്തിയെപോലെ ജനങ്ങളെ പവിത്രീകരിക്കുകയും സമീകരിക്കുകയും ചെയ്യുന്ന മറ്റുവസ്തുക്കൾ ദുർലഭമാണ്. ഇതിന്നെല്ലാംകൂടി ഒരേസമയം പറ്റുന്ന സാഹിത്യകൃതികൾ രചിക്കേണ്ടതിന്റെ ആവശ്യം എഴുത്തച്ഛനു ബോധ്യപ്പെട്ടിരിക്കണം. ഈ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന കൃതിയാണ് സംസ്കൃതത്തിലെ അധ്യാത്മരാമായണമെന്ന് അദ്ദേഹം ഉറപ്പിച്ചിരിക്കാം. അദ്വൈതവേദാന്തത്തിനും ഭക്തിക്കുമാണ് അതിൽ പ്രാധാന്യം. ജനങ്ങൾക്ക് ആദർശനിഷ്ഠയും കർത്തവ്യജ്ഞാനവും പകരാനും രാമകഥയ്ക്കുകഴിയും. കവികർമ്മത്തിന്റെ ലക്ഷ്യം മോക്ഷമാണെന്നുകൂടി തന്റെ രാമായണാരംഭത്തിൽ എഴുത്തച്ഛൻ പറയുന്നുണ്ട്. തന്റെ വികസ്വരമായ കവനശക്തിക്കു പ്രവർത്തിക്കാൻ പറ്റിയ ഒരു രംഗം അധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ കണ്ടെത്തി... അദ്ധ്യാത്മരാമായണം തർജ്ജമ ഭാഷയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവിനെ കുറിക്കുന്നു”

അദ്ധ്യാത്മരാമായണത്തിന്റെ ഫലശ്രുതി ആർക്കും സംശയം വേണ്ടാത്ത രൂപത്തിൽ കവി തന്നെ പലസ്ഥലങ്ങളിൽ വിവരിക്കുന്നുണ്ട്.

> അദ്ധ്യാത്മരാമായണമിദമെത്രയു-
> മത്യുത്തമോത്തമം മൃത്യുഞ്ജയപ്രോക്തം
> അദ്ധ്യയനം ചെയ്കിൽ മർത്ത്യനിജ്ജന്മനാ
> മുക്തി സിദ്ധിക്കുമതിനില്ല സംശയം

മുക്തി മാത്രമല്ല, ധനധാന്യവൃദ്ധി, ശത്രുവിനാശം, പുത്രപ്രാപ്തി തുടങ്ങി ഐഹികവും ആമുഷ്മികവുമായ എല്ലാ ശ്രേയസ്സും രാമായണം വായിക്കുകയോ കേൾക്കുകയോ ചെയ്യു

ന്നവർക്കുണ്ടാകും. മാത്രവുമല്ല, തളർന്ന ജീവിതത്തിന് ഇതൊരു രസായനവുമാവും.

കല്മഷഹരം രാമചരിതം രാസായനം

എന്നാണ് കവി രാമായണത്തെ വിശേഷിപ്പിക്കുന്നത്. ക്ഷീണിച്ചവർക്ക് ശക്തിനൽകി ആരോഗ്യത്തെ വർദ്ധിപ്പിക്കുകയാണ് രസായനം ചെയ്യുന്നത്. താപത്രയംകൊണ്ട് ക്ലേശിക്കുന്നവർക്ക് ദേഹത്തിനും മനസ്സിനും ഓജസ്സ് നൽകാൻ രാമായണത്തിന് കഴിയും.

ഇത് കേവലം കവിവചനമല്ല, മലയാളികൾക്ക് അനുഭവസിദ്ധമാണ്. അതുകൊണ്ടാണ് നിത്യേനയും സവിശേഷസന്ദർഭങ്ങളിലും രാമായണം പാരായണം ചെയ്യുന്നത് മലയാളിയുടെ ജീവിതചര്യയുടെ ഭാഗമായത്. സമൂഹത്തിന്റെ എല്ലാത്തട്ടിലുമുള്ളവർ ഭക്തിപൂർവ്വം ഇതനുഷ്ഠിക്കുന്നു. മലയാളിയുടെ രാമായണപാരായണവ്യഗ്രതയുടെ ജ്വലിക്കുന്നൊരു ചിത്രം മഹാകവി വള്ളത്തോൾ തോണിയാത്ര എന്ന കവിതയിൽ വരച്ചുവെച്ചിട്ടുണ്ട്. രാത്രിയിൽ ചില്ലുവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ പൊന്നാനിപ്പുഴയിലൊഴുകുന്ന തോണിയിലിരുന്നു രാമായണം വായിക്കുന്ന ആ തോണിക്കാരൻ മലയാളി എത്ര ആർത്തിയോടെയാണ് രാമായണത്തെ ഉൾക്കൊള്ളുന്നത് എന്നതിന് ഉദാഹരണമാണ്.

കാവ്യം സുഗേയം, കഥ രാഘവീയം
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ
പാടുന്നതോ ഭക്തിമയസ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തു വേണം?

അദ്ധ്യാത്മരാമായണത്തെപ്പറ്റി പറയേണ്ടതൊക്കെ ഈ നാൽവരിച്ചെപ്പിലൊതുക്കിയിരിക്കുന്നു മഹാകവി വള്ളത്തോൾ. ഈ 'ആനന്ദലബ്ധി' യാണ് എഴുത്തച്ഛൻ മലയാളിക്ക് നൽകിയ ഒസ്യത്ത്.

## III. ആദികവിയുടെ കാരുണ്യം

രാമായണം എക്കാലവും നിലനിൽക്കുമെന്ന് വാല്മീകി ഉറപ്പിച്ച് പറഞ്ഞതിന് രണ്ടു കാരണങ്ങൾ ഉണ്ട് - ഒന്ന്, കവിയുടെ ഉള്ളുരുക്കിയ കാരുണ്യത്തിൽ നിന്ന് ഉറവെടുത്തതാണത്; രണ്ട്, മനുഷ്യബന്ധങ്ങളെയാണ് കവി വർണ്ണിക്കുന്നത്. രാമായണരചനയ്ക്ക് കാരണമായ ഇണപ്പക്ഷികളുടെ കഥ പ്രസിദ്ധമാണ്. പ്രഭാതത്തിൽ ഗംഗയിൽ സ്നാനത്തിന് പോകുന്ന മുനി പ്രകൃതിയുടെ ഭംഗികളിൽ മനംമയങ്ങിനിന്നു. മരക്കൊമ്പിലൊന്നിൽ കൊക്കുരുമ്മിയിരിക്കുന്ന ഇണപ്പക്ഷികളെ അദ്ദേഹം നോക്കിനിന്നു. പെട്ടെന്നാണ് ഒരു വേടന്റെ അമ്പ് ഒന്നിനെ എയ്ത് താഴെ വീഴ്ത്തിയത്. മണ്ണിൽ ചോരയിൽ കുതിർന്നു പിടയുന്ന ഇണയെനോക്കി കരയുന്ന പക്ഷി മുനിയുടെ കണ്ണുനിറച്ചു. ഈ അധർമ്മത്തിനെതിരെ മനസ്സ് തുടിച്ചു. പ്രക്ഷുബ്ധമായ മനസ്സിൽനിന്നാണ് ആദ്യകവിത പുറപ്പെട്ടത്.

മാനിഷാദ! പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ
യത് ക്രൗഞ്ചമിഥുനാദേകം അവധീഃ കാമമോഹിതം.

അനീതിക്കെതിരായ രോഷമാണ് കവിത. സഹജീവിയുടെ കണ്ണീരിൽ കുതിരുന്ന ഒരു മനസ്സിനേ അധർമ്മം കാണുമ്പോൾ പ്രതിഷേധിക്കാൻ കഴിയൂ. ധർമ്മാത്മാവായ മുനിയുടെ മനസ്സിലുദിച്ച കാരുണ്യമാണ് കവിതയായി മാറിയത്. രോഷത്തിന്റെ പ്രകടനമായിരുന്നു മുനിക്ക് കവിത. ശ്രീ. എൻ.വി. കൃഷ്ണവാരിയർ പറഞ്ഞതിതാണ്. ആഫ്രിക്കയിലെ നീഗ്രോയുടെ കൈയ്യിൽ കാരിരിമ്പിന്റെ ചങ്ങല ഞെരിയുമ്പോൾ തന്റെ കയ്യാണ് നോവുന്നത്.

എങ്ങ് മനുഷ്യന് ചങ്ങല കൈകളിൽ
നോവുവതങ്ങെൻ കയ്യാണല്ലോ.

അമർഷത്തിന്റെ കനലാണ് കവിത എന്നാണ് വാല്മീകി നമ്മെ പഠിപ്പിച്ചത്; അമർഷം ഉണ്ടാകുന്നതോ കാരുണ്യത്തിൽനിന്നും.

## IV. ഹൃദയബന്ധങ്ങൾ

രാമായണത്തിന്റെ പ്രചാരത്തിന്റെ രണ്ടാമത്തെ കാരണം കവി വരച്ചുവെയ്ക്കുന്ന മാനവബന്ധങ്ങളുടെ മാതൃകകളാണ്. ‘കയ്യൂക്കുള്ളവൻ കാര്യക്കാരൻ’ എന്നാണ് മൃഗലോകത്തെ നീതി. മത്സ്യന്യായം (മീൻമുറ) എന്നുപറയും സംസ്കൃതത്തിൽ. ഈ സ്വാർത്ഥത വിട്ട് പരസ്പരം സ്നേഹിക്കുമ്പോഴാണ് മാനവികത ഉറവെടുക്കുന്നത്. കുടുംബബന്ധങ്ങളിൽ നിന്നാണ് അതുണ്ടാകേണ്ടത്. അതിന്റെ മാതൃകകളാണ് രാമായണത്തിൽ വാല്മീകി വരച്ചുവെയ്ക്കുന്നത്. അച്ഛനും മകനും തമ്മിൽ, അമ്മയും മകനും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ, ഭാര്യയും ഭർത്താവും തമ്മിൽ ഉണ്ടാകേണ്ട ബന്ധങ്ങളുടെ ദാർഢ്യം രാമായണം പോലെ മറ്റൊരു കാവ്യവും നമ്മുടെ മുൻപിൽ നൽകുന്നില്ല.

സഹോദരന്മാർ തമ്മിലുണ്ടാകേണ്ട ബന്ധമാണ് ഇതിലേറ്റവും മിഴിവുറ്റതായി വാല്മീകി കാണുന്നത്. മാതൃകയായി വാല്മീകി ചൂണ്ടിക്കാണിക്കുന്നത് ദശരഥപുത്രന്മാരായ നാൽവരെയുമാണ്. നാലുപേരുടേയും സ്വഭാവത്തിൽ വ്യത്യാസങ്ങളുണ്ട്. എന്നാൽ പരസ്പരം ഉള്ള സ്നേഹവും വിശ്വാസവും ഏറെ ദൃഢമാണ്. നിനയ്ക്കാത്ത സമയത്ത് രാജ്യം കൈവന്ന ഭരതൻ, ജ്യേഷ്ഠന്റെ പാദുകത്തെയാണ് സിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്നത്. ലക്ഷ്മണൻ ശ്രീരാമന്റെ നിഴലാണ്. സ്വന്തം ജീവിതവും സൗഭാഗ്യവും ത്യജിച്ചാണ് രാമനെ വനത്തിലേയ്ക്ക് പിന്തുടരുന്നത്. ശത്രുഘ്നൻ ജ്യേഷ്ഠന്മാരെ കടുകിട തെറ്റാതെ അനുസരിക്കുന്നവനാണ്.

ഈ സഹോദരബന്ധങ്ങൾ മഹത്തായ മാതൃകകളായി എടുത്തുകാട്ടുന്ന കവി മറിച്ചുള്ള ഉദാഹരണങ്ങളും കാണിക്കുന്നുണ്ട്. അതുപക്ഷേ, മനുഷ്യരിലല്ല, വാനരരിലും രാക്ഷസരിലുമാണ്. നിർണ്ണായകനിമിഷത്തിൽ ജ്യേഷ്ഠനെ വിട്ടു ശത്രുപാളയത്തിലെത്തുന്ന വിഭീഷണൻ. ലങ്കയിലെ രഹസ്യങ്ങൾ ശത്രുവിന് പകർന്നുകൊടുത്ത് ജ്യേഷ്ഠനെ കൊല്ലിക്കുകയാണ് ആ സഹോദരൻ. ബാലിയും സുഗ്രീവനും തമ്മിലുള്ള ബന്ധമാണ് മറ്റൊരു ഉദാഹരണം. ശത്രുതയുടെ കഥകളെന്തായാലും ഒരപരിചിതനോട് സഹോദരനെ വധി

ക്കാൻവേണ്ടി സഖ്യമുണ്ടാക്കുന്ന സുഗ്രീവൻ ഒരിക്കലും ആദരണീയനോ അനുകരണീയനോ ആകുന്നില്ല. ഇവിടെയാണ് വാല്മീകിയുടെ മഹത്ത്വം നമുക്ക് വെളിവാകുന്നത്. മനുഷ്യന്റെ കഥ പറയാനാണ് മുനി തുനിഞ്ഞത്. രാമായണത്തിന്റെ തുടക്കത്തിൽ കവി തന്നെ ഇക്കാര്യം തുറന്ന് പറയുന്നുണ്ട്. ലോകർക്കെല്ലാം മാതൃകയായി കൊണ്ടാടാവുന്ന പുരുഷൻ ആരെന്ന് വാല്മീകി നാരദമഹർഷിയോട് ചോദിക്കുന്നു:

കോന്വസ്മിൻ സാമ്പ്രതം ലോകേ
ഗുണവാൻ കശ്ച വീര്യവാൻ?

എല്ലാ ഗുണങ്ങളും തികഞ്ഞ മനുഷ്യനായി നാരദമഹർഷി ചൂണ്ടികാണിച്ചത് ശ്രീരാമനെയാണ്. ആ രാമന്റെ കഥയാണ് വാല്മീകി എഴുതിയത്. വാല്മീകിയുടെ രാമൻ മനുഷ്യനാണ്. അതുകൊണ്ടാണ് മനുഷ്യബന്ധങ്ങൾക്ക് വാല്മീകി ഇത്രയധികം പ്രാധാന്യം കല്പിക്കുന്നത്.

രാമായണത്തിലെ ഇരുപത്തിനാലായിരം ശ്ലോകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ശ്ലോകമേതാണ്? ലക്ഷ്മണൻ സീതാരാമന്മാരോടൊപ്പം വനവാസത്തിന് ഒരുങ്ങുന്നു. തന്റെ ജീവിതത്തെപ്പറ്റി ഓർത്തില്ല, പങ്കാളിയായ ഊർമ്മിളയേയും മറന്നു. ലക്ഷ്മണൻ അമ്മയുടെ മുൻപിൽ അനുഗ്രഹത്തിനായി തലകുനിച്ചു. സുമിത്രയുടെ ഉപദേശമിതായിരുന്നു.

രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാം അടവീം വിദ്ധി
ഗച്ഛ താത യഥാസുഖം

ജ്യേഷ്ഠനായ രാമനെ പിതാവെന്ന് കരുതൂ; ജ്യേഷ്ഠപത്നിയെ അമ്മയായ ഞാനെന്നു കരുതൂ. കാനനം അയോദ്ധ്യയെന്ന് കരുതൂ. പൊന്നുമോനേ, സുഖമായി പോകൂ.

ഇതിൽപ്പരം അർത്ഥസമ്പുഷ്ടമായൊരു യാത്രാമൊഴി ആർക്കും നൽകാനാകില്ല. മനുഷ്യഹൃദയങ്ങളെ മുറുക്കുന്ന കനകനൂലാണ് സ്നേഹം. അതായിരുന്നു കരുണയാൽ കരഞ്ഞ് കവിതയെഴുതിയ ആദികവിക്ക് പറയാനുണ്ടായിരുന്നത്.

മനുഷ്യൻ ഹൃദയത്തോടെ വസിക്കുന്ന കാലമത്രയും രാമായണം ഒരു തുണയായി കൂടെയുണ്ടാകും എന്ന കവിസ്വപ്നം എത്ര സാർത്ഥകം!

## V. കുടുംബബന്ധവും പൗരസങ്കല്പവും

ലോകകല്യാണമാണ് രാമകഥയുടെ സാരാംശം. അതുകൊണ്ട് ലോകമുള്ളിടത്തോളം രാമായണം നിലനില്ക്കും. ഗിരികളും പുഴകളുമുള്ള കാലംവരെ രാമായണകഥ ലോകത്തിൽ പ്രചരിക്കുമെന്ന ആദികവിയുടെ പ്രതിജ്ഞയുടെ സാരമിതാണ്. എക്കാലത്തേയും ജനജീവിതത്തിനാവശ്യമായ കാര്യങ്ങൾ താനിതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന് ഭംഗ്യന്തരേണ അറിയിക്കുകയാണ് വാല്മീകി ചെയ്തത്.

ഈ ജനപ്രീതിക്ക് പലകാരണങ്ങളുണ്ട് - കഥയുടെ ഹൃദ്യത, ലളിതമായ ആവിഷ്കരണരീതി, നാടകീയമായ അവതരണം എന്നിങ്ങനെ പലതും. എന്നാലേറ്റവും പ്രധാനപ്പെട്ടത് ശാശ്വതമായ മാനവബന്ധങ്ങൾക്ക് രാമായണം അടിത്തറയിടുന്നു എന്നതാണ്.

വേട്ടയാടി വനാന്തരങ്ങളിൽ അലഞ്ഞുനടന്ന ആദിമമനുഷ്യൻ സ്വന്തംകാര്യം മാത്രം നോക്കി കരുത്തിന്റെ ബലത്തിൽ ജീവിക്കുകയായിരുന്നു. മറ്റുള്ളവരുടെ വേദനയും കഷ്ടപാടും അവനൊരു വിഷയമായിരുന്നില്ല. സ്നേഹം, കാരുണ്യം തുടങ്ങിയ ഭാവങ്ങൾ അവനിലുണ്ടാക്കിയത് ആദികവിയാണ്. താൻ ഒരു പക്ഷിയെ ഇരയ്ക്ക്വേണ്ടി അമ്പെയ്ത് വീഴ്ത്തുമ്പോൾ അതിനൊരിണയുണ്ടെന്നും അത് വേർപാടിൽ ദീനദീനം കരയുമെന്നും അവനെ ഓർമ്മിപ്പിച്ചത് 'മാ നിഷാദ' യാണ്. അതൊരു ശാപവാക്കല്ല; ഇര-ഇണബന്ധങ്ങളുടെ ആദ്യത്തെ തിരിച്ചറിവാണ്. അതുകൊണ്ടുതന്നെ മാനവസംസ്കൃതിയുടെ ഒന്നാംപാഠമാണ് 'മാ നിഷാദ' - എന്നുപറയുന്നത്.

ആദിമമനുഷ്യനിൽ കുടുംബമെന്ന സങ്കല്പമുയരുന്നത് ഈ തിരിച്ചറിവോടെയാണ്. കാമമോഹിതർക്ക് കുടുംബങ്ങളുണ്ടാക്കാൻ കഴിയില്ല. ഉദ്ദാമമായ കാമനകൾ ഉപേക്ഷിച്ചാലേ ഒന്നിച്ച് കഴിയാൻ സാധിക്കൂ. ഏകപത്നീവ്രതം ഒരാദർശമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ദശരഥന് മൂന്നു ഭാര്യമാരുണ്ടായിരുന്നു. അച്ഛനെ ആരാധിച്ചെങ്കിലും മകൻ ആ വഴി തുടരാൻ ആഗ്രഹിച്ചില്ല. പത്നി അടുത്തില്ലെങ്കിൽ അവളുടെ പ്രതിമ, എന്നാലും രണ്ടാമതൊരാൾ വയ്യ. കുടുംബബന്ധങ്ങൾ ആരംഭിക്കുന്നതിവിടെ നിന്നാണ്. യജ്ഞത്തിൽ പങ്കാളിയാകുന്നവളാണ് പത്നി. മഹത്തായ ലക്ഷ്യം നേടാനുള്ള യജ്ഞമാണ് ജീവിതം. കാമവൃത്തിയല്ല, കാമ്യവൃത്തിയാണിവിടെ വേണ്ടത്. അതാകട്ടെ നിർമ്മലദ്യുതിയാർന്ന ഒരാദർശത്തിന്റെ സാക്ഷാത്കാരമാണ്. മൃഗങ്ങളെപ്പോലെ കണ്ടിടത്തെല്ലാം കണ്ടവരോടെല്ലാം ഇണചേർന്ന് വികൃതകാമനകളെ സംതൃപ്തമാക്കുന്ന ശ്വവൃത്തിയിൽ നിന്ന് ഉയർന്ന് ഉദാത്തമായൊരു ധർമ്മബോധം സമൂഹത്തിന് ആദർശമാകുന്നത് ഇപ്പോഴാണ്. ഉറച്ച ഈ അടിത്തറയിലാണ് ഭാരതത്തിൽ കുടുംബസങ്കല്പം രൂപപ്പെടുന്നത്. ഇതരസ്വാധീനങ്ങളനേകമുണ്ടായിട്ടും ഇന്നുമത് ശിഥിലമാകാത്തത് ഈ സമൂഹത്തിന്റെ മാതൃക ശ്രീരാമനായതുകൊണ്ടാണ്.

കുടുംബജീവിതമെന്ന യജ്ഞത്തിൽ പത്നി മാത്രമല്ല പങ്കാളി; പുത്രന്മാരുണ്ടാകും, സഹോദരന്മാരുണ്ടാകും, മാതാപിതാക്കളും പിതാമഹന്മാരുമുണ്ടാകും. അവരോടൊക്കെ എങ്ങനെ പെരുമാറണം എന്നതിനുള്ള പാഠങ്ങളും ആദികവി നല്കുന്നു ്. എത്ര ഹൃദ്യമാണ് ലക്ഷ്മണനോടും ഭരതശത്രുഘ്നന്മാരോടുമുള്ള ശ്രീരാമന്റെ പെരുമാറ്റം! ഇതുപോലൊരു ജ്യേഷ്ഠനെ കിട്ടാൻ ഏതനുജനും ആഗ്രഹിച്ചുപോകും. രാമനേപ്പോലൊരു മകനെ പുല്കാൻ ആഗ്രഹിക്കാത്ത മാതാപിതാക്കളുണ്ടാകുമോ? ഭ്രാതൃസ്നേഹത്തിന്റെ പ്രത്യുദാഹരണങ്ങളും വാല്മീകി നല്കുന്നുണ്ട് - ബാലിയും സുഗ്രീവനും തമ്മിലും രാവണനും വിഭീഷണനും തമ്മിലുമുള്ള ബന്ധത്തിന്റെ പാരുഷ്യവും രാമലക്ഷ്മണ ബന്ധത്തിലെ സ്നിഗ്ധതയും ഒന്നിച്ച് വായിക്കുമ്പോഴേ ഈ ഭേദം മനസ്സിലാകൂ.

കുടുംബബന്ധം മാത്രമല്ല, പൗരധർമ്മവും പഠിപ്പിച്ച ആദർശഗ്രന്ഥം രാമായണമാണ്. കുടുംബങ്ങൾ ഗ്രാമങ്ങളായും സമൂഹങ്ങളായും രാഷ്ട്രങ്ങളായും പടിപടിയായി ഉയരുമ്പോൾ അനുകരണീയമായ മാതൃകകൾ അവിടെയുണ്ടാകണം. ഇവിടെ വാല്മീകിയുടെ സങ്കല്പം സാധാരണക്കാരുടേതിൽ നിന്ന് വിഭിന്നമാണ്. കുടുംബം ഗ്രാമത്തിന് വേണ്ടി, ഗ്രാമം രാജ്യത്തിന് വേണ്ടിയും. കുടുംബബന്ധങ്ങളും രാജ്യധർമ്മങ്ങളും തമ്മിൽ ഇടർച്ച വന്നാൽ രാജ്യത്തിന് പ്രഥമ പരിഗണന, അതുകഴിഞ്ഞ് ഗ്രാമം, അവസാനം കുടുംബം. മറിച്ചാണ് നമ്മുടെ മുൻഗണനാക്രമം. എന്നാൽ വ്യക്തിയല്ല, പൗരനാണ് വാല്മീകിക്ക് വലുത്. വ്യക്തികർമ്മത്തിന്റെ വികാസവും ഉദാത്തതയുമാണ് പൗരധർമ്മം. അതുകൊണ്ടാണ് അച്ഛനെ വേദനിപ്പിച്ചിട്ടും ശ്രീരാമൻ മരവുരി അണിഞ്ഞത്. അച്ഛന്റെ മരണത്തിനുതന്നെ ഇതുകാരണമായേക്കാം. വ്യക്തി മരിക്കും, സ്വാഭാവികം; എന്നാൽ സത്യം മരിക്കരുത്. അത് നിത്യമാണ്, സനാതനവും. അതുയർത്തിപ്പിടിക്കുകയാണ് തന്റെ ധർമ്മം. അച്ഛനോടു മാത്രമല്ല, പത്നിയോടും ക്രൂരതയാണ് ശ്രീരാമൻ കാണിച്ചത് എന്ന് തോന്നാം. ഇരുമെയ്യാർന്നൊരു ജീവിപോലെ കഴിഞ്ഞിട്ട് ഒരപവാദത്തിന്റെ പേരിൽ പരിത്യജിച്ചു; പത്നിയെമാത്രമല്ല, പ്രജാതന്തുക്കളേയും. ഭർത്താവ് മാത്രമല്ല, പ്രജാപതിയുമാണ് താൻ. ഭർത്താവിന് കരയാം, പക്ഷേ സിംഹാസനത്തിനതിനാവില്ല. സൂര്യൻ ആകാശത്തിലുയർന്നേ നില്ക്കൂ, ആ വംശത്തിനും താഴെയ്ക്ക് പതിക്കാനാവില്ല.

വ്യക്തിബന്ധങ്ങളുടെ ദാർഢ്യം, പൗരധർമ്മത്തിന്റെ പാവനത-ഇവ രണ്ടുമാണ് സംസ്കൃതിയുടെ പ്രഥമകിരണങ്ങൾ ഏറ്റുതുടങ്ങുന്ന ആദിമസമൂഹത്തിന് സ്വന്തം ജീവിതത്തിലൂടെ ശ്രീരാമൻ ഉദാഹരിച്ച് കാണിച്ചത്. ഇന്നുമിവ പ്രസക്തങ്ങളാണ്. വികാരങ്ങളല്ല, ധർമ്മബോധമാണ് സമൂഹത്തെ നയിക്കേണ്ടതെന്ന പാഠമാണതിന്റെ സാരസർവസ്വം.

## VI. കാമമോഹിതർ

രാമായണത്തിലെ ദാരുണമുഹൂർത്തങ്ങളിലൊന്നാണ് ദശരഥന്റെ പതനം. വടവൃക്ഷം കടപുഴകിവീഴുമ്പോലെ ആയിരുന്നു അത്. ശ്രീരാമന്റെ അഭിഷേകവാർത്ത ജനങ്ങളെ അറിയിച്ച് തയ്യാറെടുപ്പുകളെല്ലാം പൂർത്തിയാക്കിയശേഷം ഹർഷോല്ലസിതനായിട്ടാണ് രാജാവ് കൈകേയിയുടെ അന്തപുരം പൂകിയത്. പതിവുപോലെ സ്വീകരിക്കാൻ കാമിനിയെ കാണാഞ്ഞ് മനസ്സ് പിടഞ്ഞു. അപ്പോഴാണ് വാനിൽ നിന്ന് വീണ നക്ഷത്രം കണക്കെ താഴെ കൈകേയി കണ്ണിൽപ്പെട്ടത്. കാമാതുരനായ ആ വൃദ്ധൻ തരുണിയെ അനുനയിപ്പിക്കാനുള്ള ശ്രമം തുടങ്ങി. അവളുടെ ഏതിഷ്ടവും സാധിക്കുമെന്ന് ശപഥം ചെയ്തു. തനിക്ക് പ്രിയപ്പെട്ട എല്ലാറ്റിനെയും പിടിച്ചാണയിട്ടു. താനെറിഞ്ഞ കയറ് കഴുത്തിൽ മുറുകി എന്ന് കൈകേയിക്ക് ഉറപ്പായി. തുടർന്നാണ് രാജാവിനെ കെണിയിലാക്കിക്കൊണ്ട് ഭരതനെ രാജാവാക്കാനും രാമനെ വനത്തിലയയ്ക്കാനും അവൾ ആവശ്യപ്പെടുന്നത്. അശനിപാതം ഏറ്റപോലെ അയോധ്യാധിപതി തകർന്ന് നിലംപതിച്ചു. മഹാമേരുവിൽ നിന്ന് രസാതലത്തിലേക്ക്, ജീവിതത്തിൽ നിന്ന് മരണത്തിലേക്കുള്ള വൻവീഴ്ച.

ദശരഥന്റെ പതനത്തെ ആദികവി ഉപമിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നുള്ള യയാതിയുടെ വീഴ്ചയോടാണ്. മകന്റെ യൗവനം ഇരന്ന് വാങ്ങി വാർദ്ധക്യത്തിൽ കാമഭോഗങ്ങളിൽ മുഴുകിയ രാജാവായിരുന്നു മഹാഭാരതത്തിലെ യയാതി. ജ്ഞാനപീഠം നേടിയ 'യയാതി' യുടെ കർത്താവ് വി.എസ്. ഖണ്ഡേക്കർ വിശദീകരിച്ചത് ആധുനിക സമൂഹത്തിന്റെ ഭോഗാ സക്തിയെ വിവരിക്കാൻ യയാതിയേക്കാൾ പറ്റിയ മറ്റൊരു പ്രതീകമില്ലെന്നാണ്.

തുടർന്നുള്ള ദശരഥന്റെ വിലാപത്തിൽ ആത്മനിന്ദ കലർന്നിട്ടുണ്ട്. കാമാന്ധനായി താൻ കൈകേയിയിൽ ആസക്തനായതും കൗസല്യയോട് അനീതികാണിച്ചതും ദശരഥൻ ഓർമ്മിക്കുന്നു. ഭാര്യയും സുഹൃത്തും അമ്മയും സഖിയുമൊക്കെയായിരുന്നു കൗസല്യ. എങ്കിലും, കൈകേയിയുടെ താരുണ്യത്തിൽ ഭ്രമിച്ച് താനവളെ അവഗണിച്ചു.

ഈ പ്രകരണത്തിൽ തന്നെ ദശരഥന് മറ്റൊരു വിശേഷണം നല്കുന്നുണ്ട്, വാല്മീകി– കാമമോഹിതൻ. കാട്ടാളനെ ശപിച്ചപ്പോൾ പ്രയോഗിച്ച പദം. പിടഞ്ഞുവീണ കിളിയാണ വിടെ മോഹിതൻ; ഇവിടെ രാജാവും. കാട്ടാളനെപ്പോലെ താനെയ്ത ഒരമ്പിന്റെ കഥ ഈ അവസരത്തിൽ ദശരഥൻ കൗസല്യയോടേറ്റുപറയുന്നുണ്ട്. സരയുവിൽ വെള്ളമെ ടുത്ത ബ്രാഹ്മണകുമാരനായിരുന്നു, ആനയെന്നോർത്തു രാജാവെയ്ത അമ്പിനിരയായത്. പുത്രദുഃഖത്താൽ മരിക്കുമെന്ന അച്ഛനമ്മമാരുടെ ശാപം തന്നിൽ ഫലിക്കുകയാണ്.

ദശരഥനെ യയാതിയോടുപമിക്കുകയും കാമമോഹിതനെന്ന് വിശേഷിപ്പിക്കുകയും ചെയ്ത ആദികവിയുടെ അന്തർഗതമെന്താവാം? കാമമോഹിതനെ കാത്തിരിക്കുന്നത് മരണമാണ് എന്നത് ഒരു സാമാന്യനിരീക്ഷണമേ ആകുന്നുള്ളു. മുനിവൃത്തിയുടെ ലാളി ത്യവും ഏകപത്നീവ്രതവുമാണ് താനവതരിപ്പിക്കാൻ പോകുന്ന മാതൃക. അതിനൊരു പൂർവപക്ഷം പിതാവ് തന്നെയാകട്ടെ എന്ന് മുനി കരുതിയിരിക്കാം. പിതാവിൽ നിന്ന് പുത്രനിലേയ്ക്കുള്ള ദൂരമാണ് രാമന്റെ അയനത്തിനുള്ളത്. ആദ്യത്തേത് ലളിതം, സുഗമം; രണ്ടാമത്തേത് ക്ലിഷ്ടം, ദുർഗമം. ദശരഥൻ പോലുമാഗ്രഹിച്ചു രാമൻ തന്റെ വാക്കിനെ നിരസിച്ച് അഭിഷേകത്തിന് തുനിഞ്ഞെങ്കിലെന്ന്. അദ്ദേഹത്തിന്റെ യുക്തിയിതായിരുന്നു: രണ്ടു പ്രതിജ്ഞകളുണ്ട് – ഒന്ന് കൈകേയിയോട് ചെയ്തത്, മറ്റൊന്ന് രാമനെ രാജാവാ ക്കാമെന്ന് പ്രജകളോട് ചെയ്തത്. ഒരു സത്യഭംഗം അനിവാര്യമാണ്. രാജാവാകുക വഴി പ്രജകളോട് പിതാവ് ചെയ്ത സത്യത്തെ പാലിക്കുകയാണ് രാമൻ ചെയ്യുന്നത്. അതു കൊണ്ട് അഭിഷേകം നടക്കുന്നതിൽ പ്രതിജ്ഞാലംഘനമില്ല. മകന്റെ ധർമ്മബോധം പ്രവർത്തിച്ചതങ്ങനെയല്ല. സത്യഭംഗം രണ്ടിടത്തും തുല്യമെന്നിരിക്കെ തനിക്കനുകൂല മായതിനെ സ്വീകരിക്കുന്നത് അധർമ്മമാണ്. സത്യപരിപാലനത്തിനപ്പുറമൊരു സ്വാർഥ ലോഭം അതിലുണ്ട്. അതുകൊണ്ട് കാമ്യമായ ചെങ്കോലല്ല ക്ലിഷ്ടമായ മരവുരിയാണ് താൻ തെരഞ്ഞെടുക്കുന്നത്. സത്യം പാലിച്ചാൽ മാത്രം പോര, അത് നിഷ്കാമമാണെന്ന് സമൂ ഹത്തിന് ബോധ്യമാവുകയും വേണം.

ഇത്തരം സന്ദിഗ്ധഘട്ടങ്ങളിലാണ് നിത്യജീവിതത്തിൽ നാം കുഴങ്ങിപ്പോകാറുള്ളത്. എളുപ്പവഴിയിൽ ക്രിയചെയ്യാനാണ് നമ്മെ ശീലിപ്പിച്ചിട്ടുള്ളത്. എന്നാൽ ധർമ്മത്തിന്റെ ഗഹനഗതികൾ ക്ളേശപൂർണ്ണങ്ങളാണെന്നാണ് രാമമാർഗം നമ്മെ ഓർമ്മിപ്പിക്കുന്നത്.

## VII. രാമന്റെ വഴി

രാമന്റെ അയനമാണ് രാമായണം. അയനം എന്നതിന് അർത്ഥം വഴി എന്നാണ്. സാധാരണ മനുഷ്യരുടെ വഴി ആയിരുന്നില്ല രാമന്റേത്. യാത്രയിൽ ഏറ്റവും എളുപ്പമുള്ള വഴികളാണ് നമ്മളൊക്കെ തെരഞ്ഞെടുക്കുക. എന്നാൽ ഏറ്റവും ക്ലേശം നിറഞ്ഞ വഴിയാണ് രാമൻ സ്വീകരിച്ചത്. ചില ഉദാഹരണങ്ങൾ നോക്കുക.

1. അഭിഷേകത്തിന് രാജാവും മന്ത്രിമാരും അയോദ്ധ്യയിലെ പ്രജകളും അനുകൂലമായിരുന്നു. കൈകേയിക്കും മന്ഥരയ്ക്കും മാത്രമായിരുന്നു എതിർപ്പ്. അച്ഛന്റെ വാക്കുപാലിക്കാൻ വനത്തിലേയ്ക്ക് പോകുന്നതിന് പകരം അഭിഷേകത്തിന് തയ്യാറാകാമായിരുന്നു രാമന്. അതും പ്രജകളോട് അച്ഛൻ നൽകിയ വാക്ക് പാലിക്കലാണല്ലൊ. ശ്രീരാമൻ അഭിഷേകത്തിന് തയ്യാറായാൽ എല്ലാവരും സന്തോഷിക്കുമായിരുന്നു. കൈകേയിയോ മറ്റോ എതിർത്താൽ അവരെ കാരാഗൃഹത്തിൽ അടച്ചുപോലും കാര്യം നടത്താൻ അധികാരത്തിന് കഴിയും. അത്തരം ഉദാഹരണങ്ങൾ അനവധിയുണ്ട് ചരിത്രത്തിൽ. സുഗമമായ ഈ മാർഗ്ഗമല്ല രാമൻ തെരഞ്ഞെടുത്തത്; ദുർഗ്ഗമമായ വനവാസമാണ്.

2. സീതയെപ്പറ്റി അപവാദമുണ്ടായപ്പോൾ രാമനത് അവഗണിക്കാമായിരുന്നു. സീത സുപരിചിതയാണെന്ന് രാമന് അറിയാമായിരുന്നു. ലങ്കയിൽ വെച്ച് അഗ്നി അവളുടെ പരിശുദ്ധി സാക്ഷ്യപ്പെടുത്തിയതുമാണ്. എന്നാൽ രാമൻ ചെയ്തത് അപവാദമുയർത്തിയവർക്കെതിരെ നടപടിയെടുക്കുകയല്ല. 'സീത സുചരിതയായാൽ മാത്രം പോരാ, അങ്ങനെയാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാവുകയും വേണം' എന്നായിരുന്നു രാമന്റെ വിശ്വാസം. പത്നിയെന്ന നിലയിൽ സീതയോട് തനിക്കുള്ള ഉത്തരവാദിത്വവും രാജാവെന്ന നിലയിൽ ജനങ്ങളോടുള്ള ഉത്തരവാദിത്വവും താരതമ്യപ്പെടുത്തിയാൽ പ്രജകളോടുള്ള ധർമ്മത്തിനാണ് പ്രാധാന്യം. വ്യക്തിപരമായ പരിഗണനകൾക്ക് അവിടെ പ്രസക്തിയില്ല.

വ്യക്തിക്കപ്പുറം സമൂഹത്തിന്റെ നന്മ ഉൾക്കൊള്ളാൻ കഴിഞ്ഞതുകൊണ്ടാണ് രാമൻ മാതൃകയാകുന്നത്.

## VIII. രുദിതാനുസാരിയായ കവി

വനത്തിലുപേക്ഷിക്കപ്പെട്ട പൂർണ്ണഗർഭിണിയായ സീത ദീനദീനമായി കരഞ്ഞു. വനത്തിൽ സഞ്ചരിച്ചിരുന്ന വാല്മീകിമഹർഷി കരച്ചിൽ കേട്ടിടത്തേയ്ക്ക് പാഞ്ഞെത്തി. ഈ സന്ദർഭത്തെ രഘുവംശത്തിൽ കാളിദാസൻ വർണ്ണിക്കുന്നതിങ്ങനെയാണ് :

താമഭ്യഗച്ഛത് രുദിതാനുസാരി
മുനി: കുശേദ്ധ്മാഹരണായ യാത:
നിഷാദവിദ്ധാണ്ഡജദർശനോത്ഥ:
ശ്ലോകത്വമാപദ്യത യസ്യ ശോകകഃ

കിളികളൊന്ന് അമ്പേറ്റ് പിടയുന്നത് കണ്ടതിന്റെ ശോകം ശ്ലോകമായി മാറിയ മുനി കരച്ചിലിനെ പിന്തുടർന്നെത്തി സീതയുടെ സമീപമെത്തി.

സാഹിത്യത്തെ സംബന്ധിച്ച രണ്ടു സുപ്രധാനതത്ത്വങ്ങൾ ആണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.

1. രുദിതത്തെ - കരച്ചിലിനെ പിന്തുടരുന്നവനാണ് കവി. ദുഃഖിതർക്കൊപ്പമാണ് കവികളെപ്പൊഴും. അതുകൊണ്ടാണ് ഒരു സ്ത്രീയുടെ വിലാപം കേട്ടപ്പോൾ മുനി അവിടെ പാഞ്ഞെത്തിയത്.

2. അനീതി കാണുമ്പോൾ ധാർമ്മികമായ രോഷം കവിക്കുണ്ടാകും. രോഷത്തിൽ നിന്നാണ് 'മാ നിഷാദ' എന്ന നിഷേധമുണ്ടാകുന്നത്. ഇതിനടിസ്ഥാനം ശോകമാണ്. ശോകം ശ്ലോകമായി മാറുന്നു. വേദനയാണ് കവിതയായി മാറുന്നത്. വേദന സാഹിത്യത്തിന്റെ ഉറവാകുന്നു.

കവിയെയും കവിതയെയും പറ്റി എക്കാലത്തേയ്ക്കും ബാധകമായ കാര്യങ്ങളാണ് ആദികവി സ്വന്തം പ്രവൃത്തിയിലൂടെ ഉദാഹരിക്കുന്നത്.

## IX. വാല്മീകി എന്ന മനുഷ്യകഥാനുഗായി

വാല്മീകിയുടെ ശ്രീരാമൻ തികഞ്ഞ മനുഷ്യനാണ്. ലോകത്തുള്ളവരിൽ ഏറ്റവും ശ്രേഷ്ഠനായ നരൻ ആരാണ് എന്ന വാല്മീകിയുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് നാരദമഹർഷി ശ്രീരാമകഥ പറയുന്നത്. വാല്മീകിരാമായണത്തിലുടനീളം മാനുഷഭാവങ്ങൾ മാത്രമാണ് കവി രാമനിൽ വർണ്ണിക്കുന്നത്. സാധാരണ നരന്മാർക്കുണ്ടാകുന്ന ദൗർബല്യങ്ങൾ തന്റെ നായകനിലും കവി വർണ്ണിക്കുന്നുണ്ട്.

സുഗ്രീവസഖ്യവും ബാലിവധവുമൊക്കെ അതിന്റെ ഭാഗമാണ്. രാവണവധത്തിനും സീതയുടെ അഗ്നിപ്രവേശത്തിനും ശേഷം ദേവന്മാർ പ്രത്യക്ഷരായി രാമനോട് അദ്ദേഹത്തിന്റെ വിഷ്ണുത്വം ഓർമ്മിക്കാൻ നിർദ്ദേശിക്കുന്നു. തനിക്ക് തന്റെ രാമത്വം - മനുഷ്യത്വം - മാത്രമാണ് അറിയാവുന്നതെന്നാണ് രാമൻ പ്രതികരിക്കുന്നത്.

'ദേവനെ മനുഷ്യനായി താഴ്ത്തുകയല്ല, സാധാരണ മനുഷ്യനെ സ്വന്തം പ്രവൃത്തിയിലൂടെ ദേവത്വത്തിലേയ്ക്ക് ഉയർത്തുകയാണ് ശ്രീരാമനിലൂടെ ആദികവി ചെയ്തതെ'ന്നാണ് രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടത്.